## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2135 | 01.02.2018 ൽ മറുപടിയ്ക്ക് |
|---|---|
| **ഐ.സി.ഡി.എസ്. പദ്ധതിയിൽ കേന്ദ്രം അനുവദിച്ചിരുന്ന ധനസഹായത്തിന്റെ തോത്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഐ.സി.ഡി.എസ്. പദ്ധതിയിൽ കേന്ദ്രം അനുവദിച്ചിരുന്ന ധനസഹായത്തിന്റെ തോത് കേന്ദ്ര സർക്കാർ വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം കേന്ദ്രസഹായം എത്ര ശതമാനമാണ് നിശ്ചയിച്ചിട്ടുള്ളത്; | (ബി) 01.12.2017 മുതൽ 25 ശതമാനം |
| (സി)കേന്ദ്രസഹായം വെട്ടിക്കുറക്കുമ്പോൾ സർക്കാരിന് എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകും എന്നറിയിക്കാമോ; | (സി)2017-18 സാമ്പത്തിക വർഷത്തിൽ 01.12.2017 മുതൽ 31.03.2018 വരെ ആകെ 5225.03 ലക്ഷംരൂപ ചെലവാണ് ജീവനക്കാരുടെ വേതനത്തിന് പ്രതീക്ഷിക്കുന്നത്. കേന്ദ്രസർക്കാരിന്റെ പുതിക്കിയ മാനദണ്ഡ പ്രകാരം 25:75 എന്ന ക്രമത്തിൽ സംസ്ഥാന സർക്കാരിന് 1828.76 ലക്ഷം രൂപ അധിക ബാധ്യതയായി വരുന്നു. കൂടാതെ സംസ്ഥാനത്തെ 851 മിനിസ്റ്റീരിയൽ ജീവനക്കാരുടെ വേതനം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ടി ജീവനക്കാരുടെ 01.12.2017 മുതൽ 31.03.2018 വരെയുള്ള ആകെ വേതനമായ 1554.08 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന് അധികബാധ്യതായായി വരുന്നു. ഇപ്രകാരം സംസ്ഥാന സർക്കാരിന് ആകെ 3382.86 ലക്ഷം രൂപ അധിക ബാധ്യതയായി വരുന്നു.<br>2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പള ഇനത്തിൽ സംസ്ഥാന സർക്കാരിന് 101145 ലക്ഷം രൂപയുടെ അധിക ബാധ്യത വരുന്നു. |
| (ഡി) അധികബാധ്യത ഏറ്റെടുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ